“ഭരണഭാഷ-മാതൃഭാഷ”

# പന്തളം നഗരസഭ കാര്യാലയം

പന്തളം പി ഒ, പത്തനംതിട്ട ജില്ല, പിൻ 689 501

ഫോൺ : 04734 – 252251 e-mail : pandalammunicipality@gmail.com

നമ്പർ : ആർ3- 103708/25 തീയതി : 26-09-2026

# ഓഫർ നോട്ടീസ്

**ഭാഗം –I**

പന്തളം നഗരസഭാ വക ചുവടെ ചേർത്തിരിക്കുന്ന കുത്തകാവകാശങ്ങളുടെ 2026-27 സാമ്പത്തിക വർഷത്തിലെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം ഓഫീസ് ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 14-09-2026 -ാം തീയതിയിലെ കൗൺസിലിന്റെ 6 (2)-ാം നമ്പർ തീരുമാന പ്രകാരം ഓഫർ ക്ഷണിച്ചു നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഏതെങ്കിലും കാരണവശാൽ ലേലദിവസം അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത ദിവസം തന്നെ ഇതേ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ലേലം നടത്തുന്നതാണ്.

ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ നഗരസഭാ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്

ലേലത്തീയതി - 05/10/2026 തിങ്കൾ 3.00 PM
ഓഫർ സ്വീകരിക്കുന്നത് /നിരതദ്രവ്യം സോൾവൻസി /ബാങ്ക് ഗ്യാരണ്ടി
ഒടുക്കേണ്ട തീയതി - 05-10-2026, 12.00 AM വരെ
ഓഫർ തുറന്നുപരിശോധിക്കുന്ന തീയതി, സമയം - 05-10-2026, 3.00 PM
ഓഫർ തുറന്നുപരിശോധിക്കുന്ന സ്ഥലം - നഗരസഭാ കൗൺസിൽ ഹാൾ.

| ക്രമ നമ്പർ | ലേല ഇനം | നിരതദ്രവ്യം EMD | സോൾവൻസി/ ബാങ്ക് ഗ്യാരണ്ടി |
|---|---|---|---|
| 1. | കടയ്ക്കാട് ചന്തയിലെ ഗേറ്റ് ഫീസ് പിരിക്കുവാനുള്ള അവകാശം | 30,000 | 3,00,000 |

# <u>വിവിധ ഫീസ് പിരിവ് നിരക്കുകൾ</u>

| ക്രമ നമ്പർ | ഇനം | ഫീസ് |
|---|---|---|
| 1. | കൈച്ചുമട് | (ഫീസ് ഇല്ല) |
| 2. | തലച്ചുമട് | 10/- |
| 3. | സൈക്കിൾ ചുമട്, ഇരുചക്ര വാഹനം | 20/- |
| 4. | ഭാരംകയറ്റിയ ടെമ്പോ, ജീപ്പ് | 100/- |
| 5. | ഡി.സി.എം. വണ്ടി | 150/- |
| 6. | വലിയവണ്ടി | 300/- |
| 7. | പെട്ടിവണ്ടി | 50/- |
| 8. | ഡീസൽ ഓട്ടോ | 40/- |
| 9. | കന്നുകാലികൾ | 30/- |
| 10. | ആട് | 25/- |
| 11. | കോഴി, താറാവ് | 10/- |
| 12. | മത്സ്യ ചുമട് പെട്ടി ഒന്നിന് | 20/- |
| 13. | തറവാടക 1 ച.മി | 30/- |
| 14. | 3 ച.മീ | 40/- |
| 15. | 5 ച.മീ | 50/- |
| 16. | 7 ച.മീ | 70/- |
| 17. | 10 ച.മീ | 80/- |
| 18. | പ്രൈവറ്റ് ബസ്സ്റ്റാന്റിൽ പ്രവേശിക്കുന്ന ബസ് ഒന്നിന് | 60/- |
| 19. | പ്രൈവറ്റ് ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് | 3/-, 5/-, 12/- |

**നിബന്ധനകൾ**

1) ലേലകാലാവധി 01/04/2025 മുതൽ 31/03/2026 വരെ മാത്രമായിരിക്കും

2) മുനിസിപ്പാലിറ്റിയുമായുള്ള മുൻകാല കുത്തകയിലെ ലേല കിസ്ത് തുകകൾ അടയ്ക്കാതെ വീഴ്ചവരുത്തിയവരെയും ,മുനിസിപ്പാലിറ്റി നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉള്ളവരെയും, മുൻകാലങ്ങളിൽ കരാർ നിബന്ധനകൾ പൂർണ്ണമായും കൃത്യമായും പാലിക്കാത്തവരെയും, ജാമ്യക്കാരനെന്ന നിലയിൽ ബാധ്യത നിറവേറ്റാത്തവരെയും യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

3) ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, തന്നാണ്ടിൽ വില്ലേജിൽ നികുതി ഒടുക്കിയ രസീത് എന്നിവയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ടി. രേഖകളുടെ പകർപ്പ് ക്വട്ടേഷനിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

4) ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർ നേരിട്ട് ഹാജരാകേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യം ഒടുക്കിയരസീതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതും, പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കേണ്ടവർ ഓരോ ഇനത്തിലും നിരതദ്രവ്യം ഒടുക്കേണ്ടതാണ്. അതിനോടൊപ്പം നിശ്ചിത ബാങ്ക് ഗ്യാരണ്ടികളും/സോൾവെൻസിയും ഹാജരാക്കേണ്ടതുമാണ്. ലേലത്തിനു ശേഷം മാത്രം ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതാണ്.

5) ലേലം/ക്വട്ടേഷനുവേണ്ടി നിരതദ്രവ്യമായി കെട്ടിവച്ചിട്ടുള്ള തുക ലേലതുകയിൽ അഡ്ജസ്റ്റ് ചെയ്യുന്നതല്ല.

6) ന്യായയുക്തമെന്ന് തോന്നുന്ന കാരണത്താൽ ലേലം നിർത്തിവയ്ക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും, ഏതെങ്കിലും ആളെ പങ്കെടുപ്പിക്കാതിരിക്കുന്നതിനും മുനിസിപ്പൽ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഓരോ ലേലവും/ ക്വട്ടേഷനും ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളിന്റെ പേരിൽ അന്തിമമായി സ്ഥിരപ്പെടുത്തുവാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതും, അതിനെ ചോദ്യം ചെയ്യുവാൻ മറ്റാർക്കും അധികാരമില്ലാത്തതുമാണ്. ലേലതുക കുറവാണെന്ന് കൗൺസിലിന് ബോധ്യംവന്നാൽ പുനർലേലം/ഓഫർ നടത്തുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7) ലേലം സ്ഥിരപ്പെടുത്തി നൽകുന്ന വ്യക്തി ഉടൻതന്നെ ലേലത്തുകയുടെ 50% അഡ്വാൻസായി കെട്ടിവയ്ക്കേണ്ടതാണ്. 50% തുക ഒടുക്കുന്നവർക്ക് മാത്രമേ അന്തിമമായി കൗൺസിലിൽ ലേലം സ്ഥിരപ്പെടുത്തി കൊടുക്കുകയുള്ളൂ. ബാക്കി തുക കൗൺസിൽ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ഒടുക്കേണ്ടതും, നിശ്ചിത ലേലതുകയ്ക്ക് 200 രൂപ മുദ്രപത്രത്തിൽ കൗൺസിൽ അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി മുൻസിപ്പൽ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ ഏതെങ്കിലും കാരണവശാൽ ഈ തീയതി പൊതുഅവധിയായി വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം തുക ഒടുക്കേണ്ടതാണ്.

8) ജാമ്യക്കാരായി നിൽക്കുന്നവർ പന്തളം നഗരസഭാ അതിർത്തിക്കുള്ളിൽ താമസിക്കുന്നവരും സ്വന്തം പേരിൽ മുനിസിപ്പൽ കരം അടയ്ക്കുന്നുവെന്ന് തെളിയിക്കുന്ന കരം ഒടുക്കിയരസീത് ഹാജരാക്കേണ്ടതുമാണ്.

9) വീഴ്ച വരുത്തുന്നവരുടെ ലേലം/ക്വട്ടേഷൻ അസ്ഥിരപ്പെടുത്തി വീഴ്ച്ചക്കാരുടെ നഷ്ടോത്തരവാദിത്തത്തിൽപുനർലേലം/ ക്വട്ടേഷൻ ചെയ്യുന്നതും ലാഭം വന്നാൽ ആദ്യ ലേലം/ക്വട്ടേഷൻകാരന് അവകാശമില്ലാത്തതും, നഷ്ടം വന്നാൽ ആദ്യ ലേലം/ ക്വട്ടേഷൻകാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്.

10) നിശ്ചിത സമയപരിധിക്കുള്ളിൽ ലേലതുക ഒടുക്കുന്നതിലോ എഗ്രിമെന്റ് സമർപ്പിക്കുന്നതിലോ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം നഗരസഭാഫണ്ടിലേക്ക് മുതൽകൂട്ടുന്നതും തുടർന്ന് അടുത്തസ്ഥാനക്കാരനെ പരിഗണിക്കുന്നതുമായിരിക്കും

11) നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ ചട്ടങ്ങളും കൗൺസിൽ തീരുമാനങ്ങളും പ്രകാരം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നൽകുന്ന നിർദ്ദേശങ്ങളും അതാത് കാലത്തെ സർക്കാർ ഉത്തരവുകളും അനുസരിച്ച് കുത്തക നടത്തേണ്ടതാണ്.

12) ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന തുകയോടൊപ്പം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിയമപരമായ ജി.എസ്.ടി ഒടുക്കു വരുത്തേണ്ടതാണ്. കാലാകാലങ്ങളിലുള്ള സർക്കാർ തീരുമാനപ്രകാരം ടി നിരക്കിന് മാറ്റം വരികയാണെങ്കിലോ, മറ്റേതെങ്കിലും തരത്തിലുള്ള നികുതി ഏർപ്പെടുത്തുകയോ ചെയ്താൽ ആയതും ഒടുക്കുന്നതിൽ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

13) ലേല അവകാശം കരാറുകാരൻ മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും സബ്കോൺട്രാക്ട് കൊടുക്കാൻ പാടില്ലാത്തതും, ഉടമ്പടി വച്ച് സെക്രട്ടറിയിൽ നിന്നും ഉത്തരവ് ലഭിച്ചതിന് ശേഷം മാത്രം ഫീസ് പിരിവ് നടത്തേണ്ടതുമാണ്.

14) മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച റേറ്റിൽ കൂടുതൽ പിരിക്കുന്നതിന് കരാറുകാരന് അവകാശമില്ലാത്തതും അത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ കരാർ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

15) ബസ് സ്റ്റാൻഡ് & മാർക്കറ്റ് ഫീസ് പിരിവിന് ആവശ്യമായ രസീതുകൾ കരാറുകാരൻ സ്വന്തം ചെലവിൽ പ്രിന്റ്ചെയ്ത് നഗരസഭ സീൽ പതിച്ച് മാത്രമേ പിരിവ് നടത്താൻ പാടുള്ളൂ. പ്രസ്തുത ഫീസ് ഈടാക്കുമ്പോൾ അത്രയും തുകയ്ക്കുള്ള രസീതും നൽകേണ്ടതാണ്.

16) കരാറുകാരനോ അയാളുടെ ഏജന്റോ ജോലിക്കാരനോ സൃഷ്ടിക്കുന്ന വീഴ്ചകൾക്ക് കരാറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കും.

17) ലേല കാലാവധിക്കുള്ളിൽ നഗരസഭയുടേതല്ലാത്ത ഏതെങ്കിലും കാരണത്താൽ കരാറുകാരന് നഷ്ടം സംഭവിക്കുകയാണെങ്കിൽആയതിന് നഗരസഭ ഉത്തരവാദിയല്ലാത്തതും ആയതിന് യാതൊരുവിധത്തിലുമുള്ള നഷ്ടപരിഹാരത്തിനും അർഹതയില്ലാത്തതുമായിരിക്കും

.18) മാർക്കറ്റിൽ കൗൺസിൽ നിശ്ചയിക്കുന്ന സ്ഥലങ്ങളിലല്ലാതെ മറ്റ് സ്ഥലങ്ങളിലോ നടപ്പാതകളിലോ സാധനങ്ങൾ ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്.

19) ലേല നിബന്ധനകളും, നഗരസഭയിൽ നിന്ന് അതാത് കാലത്ത് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും മറ്റും അനുസരിക്കുന്നതിന് വീഴ്ചവരുത്തിയാൽ കൈവശക്കാരന് 10 ദിവസത്തെ നോട്ടീസ് നൽകി അവകാശം ഒഴിവാക്കുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

20) അംഗീകൃത സ്ലോട്ടർ ഹൗസിൽ നിന്നുള്ള സ്ലോട്ടർ ചെയ്തതും വെറ്റിനറി സർജ്ജൻ പരിശോധിച്ച് മുദ്രപതിപ്പിച്ച മാംസം മാത്രമേ വിൽക്കാൻ പാടുള്ളു.

21) ഇറച്ചി സ്റ്റാൾ പൂർണ്ണമായി മറച്ചു കെട്ടേണ്ടതും, ഇറച്ചി സ്റ്റാളുകളിൽ പൊതുജനങ്ങൾക്ക് കാഴ്ചയിൽ അലോസരപ്പെടുത്തുന്ന തരത്തിൽ പ്രാകൃതമായ രീതിയിൽ ഇറച്ചി കെട്ടിതൂക്കി ഇടുകയോ, ആളുകൾക്ക് അസഹനീയമായ രീതിയിൽ പ്രദർശിപ്പിക്കുകയോ, പരിസര മലിനീകരണം നടത്തുകയോ, അവശിഷ്ടങ്ങൾ പരിസരത്ത് ഇടുകയോ ചെയ്യുവാൻ പാടുള്ളതല്ല. കേരള സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡിന്റെ നോട്ടീസ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഇറച്ചി വിൽപ്പന ശാലകളും തങ്ങൾക്ക് ഇറച്ചിലഭ്യമാക്കുന്ന അറവുശാലയുടെ പേരും, മേൽവിലാസവും പ്രസ്തുത അറവുശാലയ്ക്ക് ബോർഡിൽ നിന്നും ലഭിച്ച പ്രവർത്തനാനുമതിയുടെ നമ്പരും തീയതിയും, കടയുടെ മുൻവശത്തായി പ്രദർശിപ്പിക്കേണ്ടതാണ്. മാംസം കൈകാര്യം ചെയ്യുന്നവർ മെഡിക്കൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരിക്കണം.

22) നിയമാനുസൃതം ആവശ്യമായ എല്ലാവിധ ലൈസൻസുകളും പ്രത്യേകം എടുക്കുന്നതിന് ലേലക്കാരൻ ബാധ്യസ്ഥനാണ്.

23) ബഹു. കേരള ഹൈക്കോടതിയുടെയും സർക്കാരിന്റെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ നവീന അറവുശാലകളില്ലാത്ത ത.സ്വ.ഭ.വ സ്ഥാപനങ്ങളിൽ കശാപ്പ് നടത്തു ന്നതിനും, ഇറച്ചി ലേലം നടത്തുന്നതും കർശനമായി തടയണമെന്ന് നിർദ്ദേശിച്ചിരിക്കുന്നതിനാൽ ആധുനിക രീതിയിലുള്ള അംഗീകൃത അറവ് ശാലകളിൽ മാടുകളെ കൊണ്ടുപോയി കശാപ്പ് ചെയ്ത മാംസം മാത്രമേ വ്യാപാരം ചെയ്യുവാൻ പാടുള്ളൂ.

24) മാർക്കറ്റ് ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ പിരിവ്, ബസ് സ്റ്റാൻഡ് പിരിവ് മുതലായവ കൗൺസിൽ നിശ്ചയിക്കുന്ന നിയമാനുസൃതമായ നിരക്കനുസരിച്ച് മാത്രമേ പിരിക്കുവാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ.

26) ലേലം/ക്വട്ടേഷനുകൾ ഉറപ്പിച്ച് ലഭിക്കുന്ന ആൾക്കാർ മുനിസിപ്പാലിറ്റിയിൽ നിന്നും രേഖാമൂലമായ ഉത്തരവ് കൈപ്പറ്റിയതിന് ശേഷം മാത്രമേ ഫീസ് പിരിക്കുവാൻ പാടുള്ളൂ.

27) മാർക്കറ്റിനകത്ത് നടക്കുന്ന ഏതെങ്കിലും വ്യാപാരം പ്രസ്തുത സ്ഥലത്ത് നിന്നും മാറ്റണമെന്ന്കൗൺസിൽ തീരുമാനിച്ചാൽ അതനുസരിച്ച് പ്രവർത്തിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്.

28) കുത്തകസ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും, ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും, പുതുതായി കെട്ടിടങ്ങൾ നിർമ്മിയ്ക്കുന്നതിനും കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതും, അങ്ങനെ വരുത്തുന്ന മാറ്റങ്ങൾക്ക് കുത്തകക്കാരന് യാതൊരുനഷ്ടപരിഹാരവും ആവശ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

29) കുത്തകക്കാരൻ മരണപ്പെടുകയോ നിർധനനാകുയോ ചെയ്താൽ അയാളുടെ അവകാശികളോ, പിൻതുടർച്ചക്കാരോ, മറ്റ് തരത്തിൽ ബാധ്യതയുള്ളവരോ കൗൺസിലിന്റെ പ്രത്യേക അനുമതിയോടെ കുത്തക പ്രകാരമുള്ള കർത്തവ്യങ്ങൾ നിറവേറ്റണ്ടതാണ്. എന്നാൽ അങ്ങനെയുള്ളവരുടെ കുത്തക തുടർന്ന് നടത്തേണ്ടതില്ലെന്ന് കൗൺസിൽ തീരുമാനിക്കുകയാണെങ്കിൽകുത്തക തുടർന്ന് നടത്തുവാൻ അവർക്ക് അവകാശമില്ലാത്തതാകുന്നു.

30) ലേലം/ക്വട്ടേഷൻ കാലാവധി തീരുന്ന ദിവസം സ്റ്റാളുകളുടെ താക്കോൽ ആഫീസിൽ രേഖാമൂലം തിരികെ ഏൽപ്പിക്കേണ്ടതാണ്.

31) നഗരസഭയുടെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്റ്റാളുകൾ മുന്നറിയിപ്പില്ലാതെ നീക്കം ചെയ്യുന്നതാണ്.

32) നഗരസഭയ്ക്കെതിരെ വ്യവഹാരത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക്/ ഏർപ്പെടുന്നവർക്ക് ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല

33) മുകളിൽ വിവരിച്ചിട്ടുള്ള പൊതുനിബന്ധനകളും, ഇത് സംബന്ധമായി കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഭേദഗതികളും ഗവ. ഉത്തരവുകളും ഈ ലേലത്തിനും/ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.

34) മുകളിൽ പരാമർശിക്കുന്ന ലേലനിബന്ധനകൾ പുന പരിശോധിക്കുന്നതിനും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും കൗൺസിലിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

**പന്തളം** — **ഒപ്പ്**

**26 – 09 – 2026** — **സെക്രട്ടറി**

**പന്തളം നഗരസഭ**